# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

## പുതിയ ഓഫീസ് ഉദ്ഘാടനം

2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ആക്ട് പ്രകാരം 2015 മാർച്ച് മാസത്തിൽ റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽ വന്ന് പ്രവർത്തനം ആരംഭിച്ചു. ബോർഡിന്റെ പ്രാരംഭദശയിൽ തന്നെ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലവിലുള്ള ര ് തസ്തികകളിലെ ഒഴിവുകൾ വിജ്ഞാപനം ചെയ്തു. 2016 ലെ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ആക്ട് പ്രകാരം ബോർഡ് പുനഃസംഘടിപ്പിക്കുകയും പുതിയ മൂന്നംഗ ബോർഡ് റിക്രൂട്ട്മെന്റ് നടപടികൾ ത്വരിതപ്പെടുത്തുവാൻ തീരുമാനിക്കുയും ചെയ്തു.

തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊച്ചി ദേവസ്വം ബോർഡ്, കൂടൽ മാണിക്യം ദേവസ്വം മാനേജിംഗ് കമ്മിറ്റി, ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റി, മലബാർ ദേവസ്വം ബോർഡ് എന്നീ ദേവസ്വങ്ങളിലെ പരമ്പരാഗത തസ്തികകളും, എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും ഒഴികെ ദേവസ്വം ബോർഡുകൾ നേരിട്ട് നിയമനം നടത്തുന്ന എല്ലാ തസ്തികകളിലേക്കുമുള്ള നിയമനങ്ങൾ നടത്തുകയെന്നതാണ് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ പ്രധാന കർത്തവ്യം.

23.03.2016 ലെ വിജ്ഞാപനപ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ പാർട്ട് ടൈം ശാന്തി, ര ാം ആന ശേവുകം എന്നീ തസ്തികകളിലെ യഥാക്രമം 62 ഉം 14 ഉം ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചിരുന്നു. തുടർന്ന് 2017 മാർച്ച് 25 ാം തീയതി പാർട്ട് ടൈം ശാന്തി തസ്തികയിലേക്ക് ഒരു ഒ.എം.ആർ പരീക്ഷ നടത്തുകയും ചെയ്തു. മേയ് മാസാവസാനത്തോടെ റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിക്കണമെന്ന ലക്ഷ്യത്തോടെ പരീക്ഷാനന്തര നടപടികൾ പുരോഗമിക്കുകയാണ്. ര ാം ആനശേവുകം

തസ്തിയിലേക്ക് മേയ് മാസം 11,12 തീയതികളിൽ പ്രായോഗിക പരീക്ഷ നടത്തുന്നതിനുള്ള എല്ലാ മുന്നൊരുക്കങ്ങളും പൂർത്തിയാക്കിക്കഴിഞ്ഞു. ജൂൺ മാസത്തോടെ ടി തസ്തികയുടെ റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിക്കാനുള്ള ക്രമീകരണങ്ങളാണ് കൈക്കൊ ിട്ടുള്ളത്.

കൊച്ചിൻ ദേവസ്വം ബോർഡിലെ ശാന്തി തസ്തികയുൾപ്പെടെ മറ്റ് തസ്തികകളിലേക്കും, തിരുവിതാംകൂർ ദേവസ്വം ബോർഡിൽ എൽ.ഡി. ക്ലാർക്ക്, അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകളിലേക്കും വിജ്ഞാപനം പുറപ്പെടുവിക്കാൻ തീരുമാനിച്ചിട്ടു ്. ആഫീസ് ഓട്ടോമേഷൻ പൂർത്തിയാകുന്ന മുറക്ക് വിജ്ഞാപനങ്ങൾ ഒന്നൊന്നായി പ്രസിദ്ധീകരിക്കുന്നതാണ്. ഗുരുവായൂർ, മലബാർ, കൂടൽ മാണിക്യം എന്നീ ദേവസ്വങ്ങളിലെ വിവിധ തസ്തികകളിലേക്കുള്ള വിജ്ഞാപനങ്ങളും തുടർന്ന് പ്രസിദ്ധീകരിക്കുവാനുള്ള ചർച്ചകളും മറ്റ് നടപടികളും കൈക്കൊ ുവരികയാണ്.

കൊച്ചിൻ ദേവസ്വം ബോർഡ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്, മലബാർ ദേവസ്വം, കൂടൽ മാണിക്യം ദേവസ്വം എന്നിവിടങ്ങളിൽ നിന്നും 175-ഓളം കാറ്റഗറികളിലായി 1450 ലധികം ഒഴിവുകൾ ഉള്ളതായി വിവരം ലഭിച്ചിട്ടു ്. എന്നാൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തതുമായി ബന്ധപ്പെട്ട് ചില സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേ ിയുള്ള നടപടികൾ പൂർത്തിയാക്കിയ ശേഷം ടി ഒഴിവുകളിലേക്ക് തെരഞ്ഞെടുപ്പ് പ്രക്രിയ ആരംഭിക്കുന്നതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡ് അടക്കം ഒരു ദേവസ്വം ബോർഡുകളിലും ജീവനക്കാരുടെ സേവനവ്യവസ്ഥകളും,യോഗ്യതകളും മറ്റ് അനുബന്ധ കാര്യങ്ങളും സംബന്ധിച്ച് വ്യക്തമായ ചട്ടങ്ങൾ നിലവിലില്ല. ഇതു പരിഹരിക്കുന്നതിനുള്ള തീവ്രശ്രമമാണ് ബോർഡ് നടത്തിവരുന്നത്. വിവിധ ദേവസ്വം ബോർഡുകളിലെ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മറ്റി സംബന്ധിച്ച മറ്റു രേഖകൾ, ദേവസ്വം ജീവനക്കാരുടെ വാർഷിക രഹസ്യ റിപ്പോർട്ട് സൂക്ഷിക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ എന്നിവ തയ്യാറാക്കി എല്ലാ ദേവസ്വങ്ങൾക്കും തുടർ നടപടികൾക്കായി നൽകികഴിഞ്ഞു. കൂടാതെ ദേവസ്വം

ബോർഡുകളിലെ വിവിധ തസ്തികകളുടെ യോഗ്യതയും പ്രായോഗിക പരിചയവും ഏകീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ബോർഡ് പൂർത്തിയാക്കി വരുകയാണ്.

2015 മാർച്ച് മാസത്തിൽ നിലവിൽ വന്ന റിക്രൂട്ട്മെന്റ് ബോർഡ് തിരുവനന്തപുരം നന്ദൻകോട്ടുള്ള ഒരു ചെറിയ വാടക കെട്ടിടത്തിൽ പരിമിതമായ സാഹചര്യങ്ങളിൽ പ്രവർത്തിച്ചു വരികയായിരുന്നു. ബോർഡിന്റെ ഓഫീസ് തിരുവനന്തപുരം ഗവ. ആയുർവേദ കോളേജ് ജംഗ്ഷനിൽ സ്ഥിതിചെയ്യുന്ന ദേവസ്വം ബോർഡ് ബിൽഡിംഗ്സിന്റെ 2-ാം നിലയിലേക്ക് മാറ്റി സ്ഥാപിച്ച് 2017 ഏപ്രിൽ 24 ന് വൈകിട്ട് 4.00 മണിക്ക് ഉദ്ഘാടനം ചെയ്യുകയാണ്. ഉദ്ഘാടന കർമ്മം ബഹു. സഹകരണ, ടൂറിസം, ദേവസ്വം വകുപ്പ് മന്ത്രി, ശ്രീ കടകംപള്ളി സുരേന്ദ്രൻ നിർവഹിക്കുന്നതും ചടങ്ങിൽ ശ്രീ. വി.എസ്. ശിവകുമാർ എം.എൽ.എ അദ്ധ്യക്ഷത വഹിക്കുന്നതുമാണ്. റിക്രൂട്ട്മെന്റ് ബോർഡിന്റെ വെബ്സൈറ്റ് പ്രകാശനം തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ്, ശ്രീ പ്രയാർ ഗോപാലകൃഷ്ണൻ നിർവ്വഹിക്കുന്നതാണ്. ചടങ്ങിന് ഗുരുവായൂർ ദേവസ്വം ചെയർമാൻ ശ്രീ. എൻ.പീതാംബരക്കുറുപ്പ്, തിരുവിതാംകൂർ ദേവസ്വം ബോർഡ് അംഗങ്ങളായ ശ്രീ. അജയ് തറയിൽ, ശ്രീ. കെ.രാഘവൻ എന്നിവർ ആശംസകൾ നേരുന്നതുമാണ്.

****************